14932
15/10/19

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് – ഡീസലൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ് പദ്ധതിക്കായി അനുവദിച്ച തുകയിൽ നിന്നും പിൻവലിച്ച തുകയിൽ മത്സ്യഫെഡിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക തിരികെ നൽകി - ഉത്തരവാകുന്നു.

================================================================

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ(സാധാ)നം. 734/2019/മ.തു.വ.　　　തീയതി, തിരുവനന്തപുരം, 09/10/2019

================================================================

പരാമർശം :
1. 13.03.2014-ലെ സ.ഉ(സാധാ)നം.249/2014/മ.തു.വ നമ്പർ സർക്കാർ ഉത്തരവ്.
2. ഫിഷറീസ് ഡയറക്ടറുടെ 15.12.2018-ലെ എഫ്3/18469/2018 നമ്പർ കത്ത്.
3. 21.08.2019-ലെ സ.ഉ(സാധാ)നം.6694/2019/ധന നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

1. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന 'ഡീസലൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്' എന്ന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് 'Z' ഡ്രൈവോടു കൂടിയ 100 യൂണിറ്റ് Yanmar Diesal Engine വിതരണം ചെയ്യുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ 2405-00-103-89(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും മത്സ്യഫെഡിന് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, മത്സ്യഫെഡിന്റെ ടി.എസ്.ബി അക്കൗണ്ടിൽ ഉണ്ടായിരുന്ന 97,00,000/- രൂപ 2017-18 സാമ്പത്തിക വർഷം സർക്കാർ തിരികെയെടുത്തതായും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 17 യൂണിറ്റ് Yanmar Diesel Engine-കൾ മത്സ്യഫെഡ് വിറ്റഴിയ്ക്കുകയുണ്ടായെന്നും, ബാക്കിയുള്ള യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം തന്നെ വിറ്റഴിയ്ക്കുമെന്നും, ആയതിനാൽ സർക്കാർ തിരികെയെടുത്ത 97 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകണമെന്നും പ്രസ്തുത 97 ലക്ഷം രൂപയിൽ മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 14 ലക്ഷം രൂപയും ഉൾപ്പെട്ടിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു. ഡീസലൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള സബ്സിഡിയായി 1,00,00,000/- രൂപ അനുവദിക്കുകയും 17 പേർക്ക് എൻജിൻ നല്കുകയുമുണ്ടായി. എന്നാൽ 3 ലക്ഷം രൂപ മാത്രമേ മത്സ്യഫെഡ് ടി.എസ്.ബി-ൽ നിന്നും പിൻവലിക്കാൻ സാധിച്ചിട്ടുള്ളുവെന്നും ആയതിനാൽ ശേഷിയ്ക്കുന്ന 14 ഗുണഭോക്താക്കൾക്കുള്ള 14 ലക്ഷം രൂപ മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത് മത്സ്യഫെഡിന് അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡീസലൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ് പദ്ധതിയിലെ 14 ഗുണഭോക്താക്കൾക്ക് മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയ 14 ലക്ഷം രൂപ 2405-00-103-89(പ്ലാൻ) എന്ന ശീർഷകത്തിൽ പരാമർശം(3) പ്രകാരം അധിക ധനാനുമതി നൽകിയതിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള,തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(06.09.2019-ലെ DEV-2/28/2019-FIN നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ